**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4951** **14-03-2023 - ൽ മറുപടിയ്ക്ക്**

**ഏനാമാവ് പള്ളി ജംഗ്ഷന് സമീപമുള്ള റോഡിന്റെ നിർമ്മാണ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | തൃശ്ശൂർ-കാഞ്ഞാണി-ചാവക്കാട് റോഡിൽ കാഞ്ഞാണി മുതൽ മുല്ലശ്ശേരി വരെ ബി.എം.ബി.സി. ജോലികൾ നടക്കുന്ന സാഹചര്യത്തിൽ വളരെ വീതി കുറഞ്ഞ ഏനാമാവ് പള്ളി ജംഗ്ഷന് സമീപമുള്ള സ്ഥലത്തിന്റെ വീതി കൂട്ടുന്നതിനായി ഇതുവരെ എടുത്ത നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | തൃപ്രയാർ-കാഞ്ഞാണി-ചാവക്കാട് റോഡിൽ ചെയിനേജ് 11/600-ൽ ഏനാമാവ് പള്ളി ജംഗ്ഷൻ സമീപമുള്ള റോഡിന്റെ സർവ്വേ നടത്തി അതിർത്തി കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. സ്ഥലമേറ്റെടുക്കുന്നതിനായുള്ള കൃത്യമായ വിസ്തീർണ്ണം കണ്ടെത്തുവാനായി സർവ്വേ നടത്തുന്നതിന് സർവ്വേ വിഭാഗത്തിന് കത്ത് സമർപ്പിച്ചിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കുന്നതിനുള്ള ശുപാർശ റവന്യൂ വകുപ്പിന് 25.02.2023ന് സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | ഏനാമാവ് ജംഗ്ഷൻ വികസനത്തിനായി പുതുക്കിയ ഭരണാനുമതി എന്നാണ് ലഭിച്ചത്; എത്ര രൂപയുടെ ഭരണാനുമതിയാണ് ലഭിച്ചത്; വ്യക്തമാക്കാമോ; | (ബി) | 19.11.2019 തീയതിയിലാണ് ഏനാമാവ് ജംഗ്ഷൻ വികസനത്തിനായി 130 ലക്ഷം രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകിയത്. |
| (സി) | പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് ഭൂമിയുടെ അതിരുകളിൽ അതിർത്തിക്കല്ല് സ്ഥാപിക്കുന്ന ജോലിയുടെ പുരോഗതി എന്താണെന്ന് അറിയിക്കാമോ; | (സി) | തൃപ്രയാർ-കാഞ്ഞാണി റോഡിൽ ചെയിനേജ് 11/600-ൽ ഏനമാവ് പള്ളി ജംഗ്ഷന് സമീപമുള്ള റോഡിന്റെ സർവ്വേ നടത്തി അതിർത്തി കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. |
| (ഡി) | പ്രസ്തുത റോഡിന്റെ നിർമ്മാണ പ്രവൃത്തികൾ എന്ന് ആരംഭിക്കാനാകുമെന്ന് അറിയിക്കാമോ? | (ഡി) | സ്ഥലം ഏറ്റെടുക്കുന്നതിനുള്ള സർക്കാർ ഉത്തരവ് ലഭിച്ച് സ്ഥലം ഏറ്റെടുക്കുന്നതോടെ പ്രവൃത്തി ആരംഭിക്കുവാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ